**<u>നം.എൻ.ഇ.പി.(1)/66660/11/ഡി.പി.ഐ</u>**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 20/10/2011.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ.**

**വിദ്യാഭ്യാസ ഉപഡയറക്ടർ**

**..............................**

സർ,

**വിഷയം:-** പൊതു വിദ്യാഭ്യാസം - സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമുള്ള മദ്രസകളിൽ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള കേന്ദ്ര സർക്കാർ ധനസഹായ പദ്ധതി - സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസാ (എസ്.പി.ക്യു.ഇ.എം) - മദ്രസകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നത് -സംബന്ധിച്ച്.

**സൂചന:-** അർദ്ധ ഔദ്യോഗിക കത്ത് നം.എഫ്.11-4/2011/ഇ.ഇ.19 തീയതി 07/09/2011 ഡെപ്യൂട്ടി സെക്രട്ടറി, സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ്, എം.എച്ച്.ആർ.ഡി ഭാരത സർക്കാർ.

*********

മദ്രസകളിൽ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള കേന്ദ്രസർക്കാർ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മദ്രസകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. മദ്രസകളിൽ അധികമായി സയൻസ്, കണക്ക്, സോഷ്യൽ സ്റ്റഡീസ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 21/11/2011 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. അപേക്ഷിക്കുവാനുള്ള അർഹതയും ധനസഹായങ്ങളും താഴെ ചേർക്കുന്നു.

I ധനസഹായം :-

1. സയൻസ്, കണക്ക്, സോഷ്യൽ സ്റ്റഡീസ്, ഭാഷകൾ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സയൻസ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഫുൾടൈം ഗ്രാഡ്വേറ്റ് ടീച്ചറിന് ഒരു മാസം രൂപ 6,000/- പ്രകാരം 12 മാസ

ത്തേയ്ക്കും ബി.എഡ് ഡിഗ്രിയുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് ടീച്ചറിന് ഒരുമാസം രൂപ 12,000/- പ്രകാരം 12 മാസത്തേയ്ക്കും ധനസഹായം നൽകും. ഇതിനായി ഓരോ വിഷയം പഠിക്കുന്നതിന് ചുരുങ്ങിയത് 10 കുട്ടികൾ എങ്കിലും ഉണ്ടായിരിക്കണം. ഒരു മദ്രസയിലെ പരമാവധി 3 അദ്ധ്യാപകർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു.

2. മദ്രസകളിലെ ഗ്രന്ഥശാലകൾ നവീകരിക്കുന്നതിനായി ഒരു മദ്രസയ്ക്ക് ഒരൊറ്റ പ്രാവശ്യമായി രൂപ 50,000/- ഉം തുടർന്ന് വാർഷിക ഗ്രാന്റായി രൂപ 5,000/- ഉം ധനസഹായം നൽകും.

3. സയൻസ് - ഗണിതം കിറ്റുകൾ വാങ്ങുന്നതിനായി രൂപ 15,000/- ധനസഹായം നൽകും.

4. സയൻസ്/കമ്പ്യൂട്ടർ ലാബ്/വർക്ക് ഷോപ്പ് എന്നിവ സജ്ജമാക്കാനായി സെക്കണ്ടറി/സീനിയർ സെക്കണ്ടറി തലത്തിലുള്ള മദ്രസകൾക്ക് രൂപ 1,00,000/- ഉം തുടർന്ന് വാർഷിക ഗ്രാന്റായി രൂപ 5,000/- വാർഷിക അറ്റകുറ്റപണികൾക്കായി ധനസഹായം നൽകും.

5. മദ്രസകളിൽ ഇത്തരം വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഒരു ദിവസത്തേയ്ക്ക് രൂപ 100/- പ്രകാരം 15 ദിവസത്തേയ്ക്ക് പരിശീലനത്തിനായി ധനസഹായം നൽകും.

6. നിയോസ് (എൻ.ഐ.ഒ.എസ്) വഴി സെക്കണ്ടി/സീനിയർ സെക്കണ്ടറി തലത്തിൽ രജിസ്ട്രേഷൻ നടത്തി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് (മദ്രസകളിൽ) രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ്, പഠനസാമഗ്രികൾക്കുള്ള വില (നിയോസ് മുഖേന നൽകുന്നവയ്ക്ക് മാത്രം) എന്നിവയ്ക്കും ധനസഹായം അനുവദിക്കും.

**II ധനസഹായത്തിനുള്ള അർഹത :-**

1. മൂന്ന് വർഷമായി സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നതും, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നിയമങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നതും, മദ്രസ ബോർഡ്/വക്കഫ് ബോർഡ്/നിയോസ് ഇവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മദ്രസകൾക്ക് അപേക്ഷിക്കാം.

2. മദ്രസകളിൽ മേൽപ്പറഞ്ഞ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് മതിയായ യോഗ്യതയുള്ള അദ്ധ്യാപകർ ഉണ്ടായിരിക്കണം.

3. ഓരോ വിഷയം പഠിക്കുന്നതിനും ചുരുങ്ങിയത് 10 വിദ്യാർത്ഥികൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം തന്നെ കൃത്യമായും പരിശോധിച്ചതിനുശേഷം മാത്രമേ അപേക്ഷകൾ തയ്യാറാക്കി ഇവിടെ നൽകുവാൻ പാടുള്ളു. അപേക്ഷകൾ തയ്യാറാക്കി ഇവിടേയ്ക്ക് നൽകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ താങ്കൾ ചെയ്യേണ്ടതാണ്.

1. എല്ലാ അപേക്ഷകളിലും തീയതിയുള്ള ആഫീസ്സീൽ പതിപ്പിക്കേണ്ടതാണ്.
2. അപേക്ഷകൾ അനുബന്ധരേഖകളുമായും യോഗ്യതാസർട്ടിഫിക്കറ്റു-കളുമായി ഒത്തു നോക്കി പരിശോധിക്കേണ്ടതാണ്.
3. അർഹതയുള്ളതും പൂർണ്ണ രൂപത്തിലുള്ളതുമായ അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും അപേക്ഷകളിന്മേൽ ക്രമനമ്പർ എഴുതേണ്ടതും ആണ്.
4. ക്രമനമ്പർ എഴുതിയ അപേക്ഷകളും അപേക്ഷകരുടെ മുഴുവൻ ലിസ്റ്റും തന്നിരിക്കുന്ന പ്രഫോർമയിൽ തയ്യാറാക്കി, സോഫ്റ്റ് കോപ്പിയും, ഹാർഡ് കോപ്പിയും അടക്കം പ്രത്യേക ദൂതൻ വശം 09/12/2011 ശനിയാഴ്ച വൈകുന്നേരം 5 മണിയ്ക്കകം ഈ ആഫീസിൽ നൽകേണ്ടതാണ്.
5. അപേക്ഷകൾ ഘട്ടം ഘട്ടമായി അയയ്ക്കുവാൻ പാടില്ല. ഒരൊറ്റത്തവണയായി പ്രത്യേക ദൂതൻ വശം എത്തിക്കേണ്ടതാണ്.
6. അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർ ശുപാർശ ചെയ്യേണ്ടതും കൈയ്യൊപ്പ് രേഖപ്പെടുത്തേണ്ടതും ആണ്.
7. താഴെപ്പറയുന്ന തീയതികൾക്കകം തന്നെ അപേക്ഷകൾ ലഭിച്ചിരിക്കേണ്ടതാണ്.

| | |
|---|---|
| എ) അപേക്ഷകൾ മദ്രസകൾ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകേണ്ട അവസാന തീയതി | **<u>21/11/2011</u> തിങ്കളാഴ്ച വൈകിട്ട് 5 മണിയ്ക്കകം** |

| | | |
|---|---|---|
| ബി) | വിദ്യാഭ്യാസ ഉപഡയറക്ടർമാർ ലിസ്റ്റ് (സോഫ്റ്റ് കോപ്പിയും, ഹാർഡ് കോപ്പിയും അടക്കം) പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രത്യേക ദൂതൻ വശം നൽകേണ്ട അവസാന തീയതി | **<u>09/12/2011</u> ശനിയാഴ്ച വൈകിട്ട് 5 മണി യ്ക്കകം.** |

വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണം എന്ന് താൽപ്പര്യപ്പെടുന്നു.

വിശ്വസ്തയോടെ,

ഒപ്പ്/-
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**
**എൻ.ഇ.പി. സെക്ഷൻ**

എസ്.ബി.20/10